ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.09.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി അരുണാചൽ പ്രദേശിലെ ഇറ്റാനഗറിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

2. ചരക്ക്-സേവന നികുതി പരിഷ്ക്കരണം പ്രാബല്യത്തിൽ; 400 ലധികം ഉത്പന്നങ്ങളുടെ വില കുറയും; ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.

3. പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

4. നവരാത്രി വിഗ്രഹ ഘോഷയാത്ര വൈകുന്നേരത്തോടെ ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെത്തും; തിരുവനന്തപുരത്ത് ഗതാഗത നിയന്ത്രണം.

5. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യയോട് തോറ്റ പാകിസ്ഥാൻ നാളെ ശ്രീലങ്കയെ നേരിടും; ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ.

&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം

ജി എസ് ടി പരിഷ്കരണത്തിന്റെ നേട്ടങ്ങൾ ജനങ്ങൾക്കെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അരുണാചൽ പ്രദേശിലെ ഇറ്റാനഗറിൽ 5100 കോടി രൂപയിലധികം വരുന്ന നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ ദിനത്തിൽ തന്നെ അരുണാചലിലെ വികസനപദ്ധതികൾക്ക് തുടക്കമിടാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. മൂവായിരത്തി 700 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ട് ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിട്ടു.

&&&&&&&&&&&&&&

## ജി.എസ്.ടി - കേരളം

RNU TVPM

ചരക്ക്-സേവന നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നു. ഇതോടെ 12, 28 ശതമാനം സ്ലാബുകൾ ഒഴിവാക്കി അഞ്ച്, 18 ശതമാനം എന്നിങ്ങനെ രണ്ട് സ്ലാബുകളായി ചുരുങ്ങി. 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമായിരിക്കും നികുതി. സ്വദേശി ഉത്പന്നങ്ങൾക്കും ആത്മനിർഭര ഭാരതമെന്ന ദർശനത്തിനും പരിഷ്ക്കാരങ്ങൾ കുതിപ്പേകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. പരിഷ്ക്കാരങ്ങൾ നിലവിൽ വരുന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറയും.

&&&&&&&&&&&&&&

## ജി.എസ്.ടി (ഇൻട്രോ)

പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഏറെ ഗുണം ചെയ്യുന്ന പരിഷ്ക്കാരം കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കുമെന്ന്

സാമ്പത്തിക വിദഗ്ദ്ധ ഡോ. മേരി ജോർജ്ജ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&&**

## ജി.എസ്.ടി -ബാലഗോപാൽ (ഇൻട്രോ)

ജി.എസ്.ടി പരിഷ്ക്കരണം നിലവിൽ വന്നതോടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞു.

(ബൈറ്റ്)

പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ബൈറ്റ്)

**&&&&&&&&&&&&&&**

## ഉപരാഷ്ട്രപതി-പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗങ്ങളെ ആസ്പദമാക്കിയുള്ള സബ്കാ സാത് സബ്കാ വികാസ്, സബ്കാ വിശ്വാസ് സബ്കാ പ്രയാസ് പുസ്തകങ്ങൾ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. സദ്ഭരണത്തിനായുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടും സമീപനവും പ്രകടമാക്കുന്നതാണ് പുസ്തകങ്ങളെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. രാഷ്ട്രീയം ജനങ്ങളെ സേവിക്കുന്നതിനുള്ള മാധ്യമമാക്കി മാറ്റാൻ പ്രധാനമന്ത്രിക്ക് കഴിഞ്ഞതായി ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി അശ്വിനി

PNU TVPM

വൈഷ്ണവ് പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവൻഷ്, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&

## അലുമിനി മീറ്റ് - ഹോപ്പ്- (ഇൻട്രോ)

കേരളാ പോലീസിൻറെ ഹോപ്പ്, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതികളുടെ സംയുക്ത അലുമിനി മീറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ ആയിരുന്നു ചടങ്ങ്. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി ആരംഭിച്ച പഠനപദ്ധതിയായ ഹോപ്പ് സംസ്ഥാനത്തിന് അഭിമാനകരമായ കാര്യമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

(സിഎം വോയിസ് )

&&&&&&&&&&&&&&

## നോർക്ക കെയർ

പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' ഇന്ന് നിലവിൽ വരും. പദ്ധതിയുടെ ഉദ്ഘാടനം വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

&&&&&&&&&&&&&&

RNU TVPM

## <u>വികസന സദസ്</u>

സംസ്ഥാന സർക്കാരിൻ്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും ഭാവി വികസനത്തിനായുള്ള നിർദേശങ്ങൾ സ്വീകരിക്കാനുമായി സംഘടിപ്പിച്ച 'വികസന സദസിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു. മന്ത്രി എം.ബി.രാജേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ എന്നിവർ മുഖ്യാതിഥികളായി. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## <u>സേവാ പർവ് (ഇൻട്രോ)</u>

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ അടച്ചുറപ്പുള്ള വീടുകൾ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(ഹോൾഡ് വോയിസ്)

## <u>സേവാ പർവ് (വോയിസ്)</u>

സാധാരണക്കാർക്ക് താങ്ങാനാകുന്നതും അടച്ചുറപ്പുള്ളതുമായ ഭവനങ്ങൾ ഉറപ്പാക്കുന്ന പദ്ധതികളാണ് പ്രധാൻ മന്ത്രി ആവാസ് യോജന - അർബൻ, പിഎം ആവാസ് യോജന - ഗ്രാമീൺ എന്നിവ. 1.5 ലക്ഷം കോടിയിലധികം രൂപ ചെലവിൽ 7,500-ലധികം പദ്ധതികളാണ് ഇതിനോടകം പൂർത്തീകരിച്ചത്. അമൃത്, അമൃത് 2.0 പദ്ധതികളിലൂടെ ശുദ്ധജല വിതരണം, മലിനജല സംസ്കരണം,

RNU TVPM

ഹരിത ഇടങ്ങളും ജലാശയ പുനരുജ്ജീവനം എന്നിവയും സാധ്യമായിട്ടുണ്ട്.

(പ്രധാനമന്ത്രി -വോയിസ്)

ഉജാല പദ്ധതി പ്രകാരം രാജ്യമെമ്പാടുമുള്ള വീടുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ എത്തി. പ്രധാനമന്ത്രി ഉജ്ജ്വലയോജന പ്രകാരം സാധാരണ വീട്ടമ്മമ്മാർക്കായി പാചകവാതകകണക്ഷനുകളും യാഥാർത്ഥ്യമായി. ജൽ-ജീവൻ മിഷൻ വഴി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിയതിന് പുറമെ, നഗര-ഗ്രാമീണ പ്രദേശങ്ങളിൽ സ്വച്ഛ് ഭാരത് മിഷന്റെ നേതൃത്വത്തിലുള്ള ശുചിത്വപരിപാടികളും നടപ്പാക്കി.

ജനജീവിതം സുഗമമാക്കുന്ന ഇത്തരം പദ്ധതികളിലൂടെ പരിവർത്തനാത്മക വികസിത ഇന്ത്യയാണ് കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

&&&&&&&&&&&&&&

PNU TVPM

## പ്രധാനമന്ത്രി - നവരാത്രി

രാജ്യത്തെ ജനങ്ങൾക്ക് നവരാത്രി ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ പുണ്യോത്സവത്തിൽ ഏവരുടെയും ജീവിതം ആരോഗ്യപൂർണവും സൗഭാഗ്യകരവുമാകട്ടെയെന്ന് ശ്രീ മോദി ആശംസിച്ചു. ജിഎസ്.ടി സമ്പാദ്യോത്സവത്തോടൊപ്പം, സ്വദേശിമന്ത്രത്തിലൂടെ രാജ്യത്തിന് പുതിയ ഊർജം ലഭിക്കുമെന്നും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&

## നവരാത്രി പൂജ (ഇൻട്രോ)

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള നവരാത്രി വിഗ്രഹ ഘോഷയാത്രയ്ക്ക് നേമത്ത് ഔദ്യോഗിക

സ്വീകരണം. ഘോഷയാത്ര വൈകുന്നേരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തുന്നതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമാകും. ആകാശവാണി തിരുവന്തപുരം ജില്ലാ പ്രതിനിധി **റെജു കോലിയക്കോട് തയാറാക്കിയ റിപ്പോർട്ട്............**

(**വോയിസ്** )

നവരാത്രി ഘോഷയാത്ര കടന്നുപോകുന്ന സമയങ്ങളിൽ തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിലെ പള്ളിച്ചൽ മുതൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രം വരെയുള്ള റോഡിൽ ആവശ്യമായ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് പോലീസ് അറിയിച്ചു . രാത്രി 8.00 വരെ ആയിരിക്കും നിയന്ത്രണം.

**&&&&&&&&&&&&&&**

RNUTVPM

## ഏഷ്യ കപ്പ്

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ. രാത്രി എട്ടിന് ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

ഇന്നലെ നടന്ന മത്സരത്തിൽ ടീം ഇന്ത്യ പാക്കിസ്ഥാനെ ആറു വിക്കറ്റിന് കീഴടക്കിയിരുന്നു. നാളെ പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും.

**&&&&&&&&&&&&&&**

## ശബരിമല

ശബരിമല കർമ്മസമിതിയുടെ അഭിമുഖ്യത്തിൽ പന്തളത്ത് ശബരിമല സംരക്ഷണ സംഗമം ആരംഭിച്ചു. ഹിന്ദു ഐക്യവേദി സംസ്ഥാന പ്രസിഡൻ്റും ശബരിമല കർമ്മ സമിതി അധ്യക്ഷയുമായ കെ.പി.ശശികല ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്ക്

ശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ തമിഴ്നാട് മുൻ ബി.ജെ.പി അദ്ധ്യക്ഷൻ അണ്ണാമലൈ, തേജസ്വി സൂര്യ എം.പി തുടങ്ങിയവർ പങ്കെടുക്കും. പന്തളം കൊട്ടാരം നിർവാഹക സമിതി അംഗം നാരായണ വർമ്മയും ശബരിമല തന്ത്രി കണ്ഠര് മഹേഷ് മോഹനരും സന്നിഹിതരായിരുന്നു.

**&&&&&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&**

RNU TVPM